# തൂലിക

Newsletter of
Jesus Youth
*Dubai*

Issue 526
25 May 2018
www.thoolikaa.net



## ക്രിസ്താനുഗമനം

‘‘അവൻ അവരോടു പറഞ്ഞു: എന്നെ അനുഗമിക്കുക;
ഞാൻ നിങ്ങളെ മനുഷ്യരെപ്പിടിക്കുന്നവരാക്കും.’’

മത്താ 4:19

ലക്കം 526

2018 മെയ് 25

# തൂലിക

ജീസസ് യൂത്ത് ദുബായിയുടെ വാരാന്ത്യ പതിപ്പ്

http://thoolikaa.net



**ഉള്ളടക്കം**


| | |
|---|---|
| എഡിറ്റോറിയൽ | 03 |
| ലേഖനം | 04 |
| വിശുദ്ധരുടെ ജീവിതങ്ങൾ | 06 |
| നുറുങ്ങുചിന്ത | 07 |
| യൂകാറ്റ് കോർണർ | 08 |
| ഹൃദ്യസ്ഥമാക്കാൻ ഒരു വചനം | 08 |
| വാർത്ത | 09 |
| അറിയിപ്പുകൾ | 10 |


## സോണൽ കൂട്ടായ്മകൾ

| | |
|---|---|
| കരാമ | നിഷ 056 4897592 |
| | ശനി 8:30 pm 9:30 pm |
| ബർദുബായ് | റോബിൻ 050 9528192 |
| | ശനി 8:30 pm 9:45 pm |
| ലുലുവില്ലേജ് | ആൻസി 052 7539188 |
| | ഞായർ 8:30 pm 10:00 pm |
| അൽനാഹ്ദ | ജോസഫ് ജോൺ 050 5642090 |
| | ബുധൻ 8:15 pm 10:00 pm |
| അൽഖിസൈസ് | ജസ്റ്റിൻ 055 799 5582 |
| | ശനി 8:30 pm 10:00 pm |
| സോനാപൂർ | ഫ്രാൻസിസ് 055 2631672 |
| | ബുധൻ 8:30 pm 10:00 pm |
| അൽഖൂസ് | ഡയസ് 052 3059131 |
| | ബുധൻ 8:15 pm 9:30 pm |
| റാഷിദിയ | ലിജോ കുരുവിള 050 9414120 |
| | തിങ്കൾ 8:30 pm 09:30 pm |

| | |
|---|---|
| മുത്തീന | ഷാഫി 055 2857170 |
| | ബുധൻ 8:00 pm 9:30 pm |
| അൽബറാഹ | ക്രിസ്റ്റി 055 4741102 |
| | ഞായർ 8:30 pm 9:45 pm |
| സത്‌വ | തോമസ് 050 8761385 |
| | ഞായർ 8:15 pm 9:30 pm |
| ഹോർ അൽ ആൻസ് | |
| | ബിനീഷ് 055 7484850 |
| | ശനി 8:15 pm 9:45 pm |
| ഇന്റർനാഷ്ണൽ സിറ്റി | ഷോൺ 055 7135314 |
| | ചൊവ്വ 8:30 pm 10:00 pm |
| സിലികോൺ ഒയാസിസ് | ജോർമ്മി 052 9783044 |
| | വ്യാഴം 10:00 pm 11:00 pm |

### മൊഴിമുത്തുകൾ

“ദൈവമുണ്ടെന്ന് ഞാൻ തിരിച്ചറിഞ്ഞതിനു ശേഷം അവിടത്തേക്കു വേണ്ടി മാത്രമായി ജീവിക്കാതിരിക്കാൻ എനിക്കു സാധ്യമല്ലായിരുന്നു.”

വാഴ്ത്തപ്പെട്ട ചാൾസ് ദെ ഫോക്കോൾഡ്

# ആത്മാവിനാൽ നിറയാം...

മറ്റൊരു പെന്തക്കുസ്താ കൂടി നമ്മെ കടന്നുപോയിരിക്കുന്നു. മാമ്മോദീസായിലൂടെ നാം സ്വീകരിച്ച്, സ്ഥൈര്യലേപനത്തിലൂടെ സ്ഥിരീകരിച്ച, നമ്മുടെ ഉള്ളിൽ വസിക്കുന്ന സഹായകനുമായുള്ള ഉടമ്പടി നവീകരണത്തിനുള്ള സമയം സമാഗതമായിരിക്കുന്നു, “നിങ്ങൾ ലോകം എങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുക” എന്ന ക്രിസ്തു കൽപന ശിരസ്സാ വഹിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് ഇറങ്ങിത്തിരിച്ച ക്രിസ്തു ശിഷ്യർക്ക് ശക്തിയും ധൈര്യവും നൽകി ഓരോ നിമിഷവും അവരെ മുന്നോട്ടു നയിച്ചത് ക്രിസ്തു വാഗ്ദാനം ചെയ്ത സഹായകനായ പരിശുദ്ധാത്മാവായിരുന്നു.

ക്രിസ്തുവാകുന്ന മൂലക്കല്ലിൽ പണിതുയർത്തിയിരിക്കുന്ന തിരുസഭയുടെ ഊടും പാവും ശിഷ്യന്മാരും അവരുടെ പിൻഗാമികളും നെയ്തെടുത്തിരിക്കുന്നത് പരിശുദ്ധാത്മാവിന്റെ സഹായത്തോടെയാണ്. കാറ്റും കോളും നിറഞ്ഞ ജീവിത സമുദ്രത്തിൽ നാം ആടിയുലഞ്ഞപ്പോൾ പ്രതീക്ഷയുടെ പായ് വഞ്ചി അയച്ച് ദൈവം നമ്മെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കെത്തിച്ചിട്ടുണ്ടെങ്കിൽ തീർച്ചയായും നാം ആയിരിക്കുന്ന ഇടങ്ങളിൽ അവിടുത്തെ പ്രഘോഷിക്കുവാൻ വേണ്ടിയാണത്. അതിനുള്ള ധൈര്യത്തിനും ശക്തിക്കും വേണ്ടി പരിശുദ്ധാത്മാവിനോട് നമുക്ക് പ്രാർത്ഥിക്കാം.

***ദൈവത്തിന്റെ ആത്മാവേ വരിക നീ എന്നുള്ളിൽ***
***നിറയ്ക്കുക നിന്നുടെ ശക്തിയെന്നുള്ളിൽ***
***മരുഭൂമിയിൽ മരുപ്പച്ചതേടി ഞാൻ അലഞ്ഞിടുമ്പോൾ***
***കുളിർമഴയായ് പെയ്യുക എൻജീവിതത്തിൽ***
***നിറയ്ക്കുക നിൻ അഗ്നിയെ എൻ സിരകളിൽ***
***അഗ്നിയാം നിൻ സുവിശേഷം സോദരർക്കേകിടാൻ***
***ശക്തിയാം ആത്മാവേ വരിക നീ എന്നിൽ***
***സർവ്വ ശക്തിയോടെ ദൈവത്തെ ആരാധിക്കാൻ...***




സ്നേഹപൂർവ്വം,
ജോബിൻ അഗസ്റ്റിൻ

# ക്രിസ്താനുഗമനം

"അവൻ അവരോട് പറഞ്ഞു: **എന്നെ അനുഗമിക്കുക**; ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും. തത്ക്ഷണം അവൻ വലകളുപേക്ഷിച്ച് യേശുവിനെ അനുഗമിച്ചു."(മത്താ4: 19-20), പിന്നീടൊരിക്കൽ "അവൻ പറഞ്ഞു ഞാൻ മീൻ പിടിക്കാൻ പോവുകയാണ്.... അതിനുശേഷം അവനോട് **എന്നെ അനുഗമിക്കുക** എന്നു പറഞ്ഞു." (യോഹ 21:19) ശിമയോൻ പത്രോ




സിന്റെ ജീവിതത്തിലെ 2 വ്യത്യസ്ഥ ജീവിത സാഹചര്യങ്ങൾ വി.ഗ്രന്ഥം വിവരിക്കുന്നത് ശ്രദ്ധിക്കുക. ഇതിൽ ഒന്നാം ഭാഗത്ത് ദൈനംദിന ജീവിതത്തിനായ് അദ്ധ്വാനിച്ചിരുന്ന മുക്കുവനായ മനുഷ്യൻ. യേശുക്രിസ്തുവിന്റെ **എന്നെ അനുഗമിക്കുക** എന്ന ഒറ്റ വിളിയാൽ ഒരുപാട് ജീവിതപ്രതീക്ഷകളുമായി തനിക്കുണ്ടായിരുന്ന സകലവും ഉപേക്ഷിച്ച് അവന്റെ പിന്നാലെ പോകുന്നു. ഭാഗം രണ്ടിൽ ക്രിസ്തുവിന്റെ മരണശേഷം തന്റെ സകല പ്രതീക്ഷകളും കെട്ടു പോയി എന്ന് വിലപിച്ച് ഒരിക്കൽ ഉപേക്ഷിച്ച ജീവിതസാഹചര്യങ്ങളിലേക്ക് മടങ്ങുന്നു. പക്ഷേ ക്രിസ്തുവിനോടുള്ള അചഞ്ചലമായ സ്നേഹം ആ മനുഷ്യന്റെ ഉള്ളിൽ അണകെട്ടി കിടന്നിരുന്നു. അതാണ് ഉവ്വ് കർത്താവേ ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് ഏറ്റുപറയാനും, എന്റെ ശിഷ്യഗണത്തെ മേയിക്കുക, എന്നെ അനുഗമിക്കുക എന്ന് യേശുവിനെക്കൊണ്ട് വീണ്ടും പറയിക്കുവാനും ഇടവരുത്തിയത്.

പണ്ടെപ്പോഴോ കൂടിയ ധ്യാനത്തിലൂടെയോ നല്ലവരായ വീട്ടുകാരുടേയോ സന്യസ്തരുടേയോ ഉപദേശത്താലോ



ഒക്കെ യേശുവിനെ അനുഗമിക്കാൻ ആഗ്രഹിച്ചവരും ഒരിക്കലെങ്കിലും അതിനു തീരുമാനമെടുത്തിട്ടുള്ളവരുമാണ് നാമൊക്കെ. ചിലർ നാട്ടിലെ തന്നെ വിവിധ ക്രിസ്തീയ മുന്നേറ്റ കൂട്ടായ്മകളിൽ അംഗങ്ങൾ ആയിരുന്നേക്കാം, മറ്റുചിലർ സമൂഹനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നവരായിരുന്നേക്കാം. അതുമല്ലെങ്കിൽ ചിലരെങ്കിലുമൊക്കെ സുവിശേഷവേലയ്ക്കായ് ഇറങ്ങിത്തിരിച്ചിരിക്കാം. ഒടുവിൽ ഇതു വായിക്കുന്ന നീയും ഞാനും ഇന്ന് ഈ മരുഭൂമിയിലെ മരുപ്പച്ചയിൽ ഉപേക്ഷിച്ച വള്ളവും വലയു മെടുത്ത് ഉപജീവനത്തിനായ് രാവിനെ പകലാക്കി അദ്ധ്വാനിക്കുന്നു. ചിലരുടെയെങ്കിലും മനസ്സിൽ ക്രിസ്തു മരിച്ചിരിക്കാം. എന്നാൽ സഹോദരാ, സഹോദരീ, **ഇത് ഉയർത്തെഴുന്നേറ്റ ഈശോയെ കാണേണ്ട സമയമാണ്.**

യേശു പത്രോസിനെ ശാസിക്കുന്നതായി നാം കാണുന്നില്ല. പകരം അവിടുന്ന് അ വനോട് "നീ എന്നെ സ്നേഹിക്കുന്നുവോ"എന്ന് ചോദിക്കുകയാണ്. താൻ നഗ്നനാണെന്ന തിരിച്ചറിവിൽ ആദത്തിനെപ്പോലെ അവൻ ഒളിച്ചിരുന്നില്ല. പിന്നേയോ കടലിലേക്ക് എടുത്തുചാടി, വസ്ത്രം ധരിച്ച് ക്രിസ്തുവിന്റെ മുമ്പിൽ വന്നു നിന്ന് "ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു" എന്ന് ഏറ്റുപറയുകയാണ്. ഈയൊ രു ആത്മാർഥ സ്നേഹവും അതിന്റെ പ്രഖ്യാപനവുമാണ് നമ്മുടെ കർത്താവ് നമ്മി ൽ നിന്നും ആഗ്രഹിക്കുന്നതും. ഒരുപക്ഷേ, നമ്മുടെ ജോലിത്തിരക്കുകൾ കാരണം നമ്മുടെ പ്രാർത്ഥനാ ജീവിത്തിനും ആത്മീയ ജീവിതത്തിനും മങ്ങലേറ്റിട്ടുണ്ടാകാം. സാരമില്ല, ക്ഷമിക്കുന്നവനാണ് നമ്മുടെ ദൈവം. പന്തക്കൊസ്തയിലൂടെ അവിടുന്ന് നമുക്ക് നൽകിയ സഹായകന്റെ- പരിശുദ്ധാത്മാവിന്റെ കൂട്ട് പിടിച്ച് നമുക്ക് ഏറ്റുപറയാം, ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു. അപ്പോൾ അവിടുന്ന് നമ്മോട് പറയും "എന്റെ കുഞ്ഞാടുകളെ മേയ്ക്കുക, എന്നെ അനുഗമിക്കുക"

സഹോദരങ്ങളെ, ഏത് ജീവിത സാഹചര്യങ്ങളിലായിരുന്നാലും നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന കർത്തവ്യം മറക്കാതെ അനേകരിലേയ്ക്ക് ദൈവസ്നേഹം എത്തിക്കുവാൻ, യേശുവിന്റെ പാത പിന്തുടരുവാൻ- **യേശുവിനെ അനുഗമിക്കാൻ** നമുക്ക് പ്രത്യകിച്ച് പെന്തക്കൊസ്തയോടു ചേർന്നുള്ള ഈ ദിനങ്ങളിൽ പ്രത്യേകമായി പ്രാർത്ഥിക്കാം. പരിശുദ്ധാത്മാവ് നമ്മിൽ വന്നു നിറയട്ടെ, ആമ്മേൻ.

# വി. കാഥറിൻ ലബൂർ



ഫ്രാൻസിലെ ബർഗന്റിയിൽ 1806-ലാണ് ഒരു കർഷകന്റെ 11 മക്കളിൽ 9-ാമത്തെ കുട്ടിയായി കാഥറിൻ ജനിച്ചത്. ചെറുപ്പം മുതൽ തീക്ഷണത നിറഞ്ഞ ഭക്തി അഭ്യസിച്ചിരുന്നു. അനേകം മൈൽ കാൽനടയായി സഞ്ചരിച്ചാണ്, പ്രതിദിനം പരിശുദ്ധ കുർബാനയിൽ പങ്കെടുത്തിരുന്നത്. അസാധാരണമായ പ്രാർത്ഥനാനുഭവം ബാല്യം മുതൽക്കേ കാഥറിന് ഉണ്ടായിരുന്നു. അവൾക്ക് എട്ടുവയസ്സുള്ളപ്പോൾ അമ്മ നിര്യാതയായി. പിതാവിന്റെ ഇഷ്ടക്കേട് അവഗണിച്ചുകൊണ്ട് അവൾ " ഉപവിയുടെ സഹോദരികൾ" എന്ന സന്ന്യാസിനി സമൂഹത്തിൽ ചേർന്നു. അന്നുമുതൽ പ്രാർത്ഥനയിലും പരിഹാരപ്രവർത്തികളിലും കാഥറിൻ കൂടുതൽ വ്യാപൃതയായി. പ്രാർത്ഥനാ ജീവിതത്തിൽ മുന്നേറിയ കാഥറിന് അതിസ്വാഭാവികമായ പല ദർശനങ്ങളും ഉണ്ടായി. വി.കുർബാനയിൽ കർത്താവിനെ അവൾ യഥാർത്ഥത്തിൽ കണ്ടുകൊണ്ടിരുന്നു. ത്രിത്വത്തിന്റെ ഞായറാഴ്ച ക്രിസ്തുരാജന്റെ പ്രത്യേകമായ ദർശനം അവൾക്കുണ്ടായി.

ദൈവമാതാവിന്റെ മൂന്നു ദർശനങ്ങൾ അവൾക്ക് സിദ്ധിച്ചു. രണ്ടാമത്തെ ദർശനമാണ് പ്രധാനപ്പെട്ടത്. ആദർശനത്തിൽ കന്യകാമറിയം. സർപ്പത്തിന്റെതലയിൽ ചവിട്ടി നിൽക്കുന്നതും ഇരുകരങ്ങളും മലർക്കെ തുറന്നു പിടിച്ചിരിക്കുന്നതും അവയിൽ നിന്നു രശ്മികൾ വീശുന്നതും ചുറ്റുമായി നീണ്ടവൃത്താകൃതിയിൽ, സ്വർണ്ണലിപികളിൽ "പാപം കൂടാതെ ഉത്ഭവിച്ച മറിയമേ, അങ്ങിൽ അഭയം തേടുന്ന ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണേ " എന്ന് എഴുതിയിരിക്കുന്നതും കണ്ടു. അതോടൊപ്പം അവൾ കേട്ടസ്വരമിതാണ്. "ഈ ദർശനത്തിന്റെ രീതിയിൽ ഒരു മെഡലുണ്ടാക്കുക.ശരണത്തോടുകൂടി ധരിക്കുന്നവർക്ക് അതുവഴി ധാരാളം അനുഗ്രഹങ്ങൾ സിദ്ധിക്കും" മെഡലിന്റെ മറുവശത്ത് "എം" എന്ന അക്ഷരവും അതിനു മുകളിൽ കുരിശും ഇരുവശങ്ങളിൽ മുൾമുടി വലയം ചെയ്തിട്ടുള്ള ഈശോയുടെ തിരുഹൃദയവും, പുഷ്പമുടി വലയം ചെയ്തിട്ടുള്ളതും ഒരു വാൾകൊണ്ടു പിളർക്കപ്പെട്ടതുമായ കന്യകാമറിയത്തിന്റെ ഛായയും ചിത്രീകരിച്ചിരിക്കണം. ഈ മെഡൽ വഴി നിരവധി അത്ഭുതങ്ങൾ നടന്നതിനാൽ "അ

തുടർച്ച... പേജ് 8

# അമ്മയ്ക്കൊരുമ്മ

ആഘോഷമായി ഒരു അമ്മ ദിനംകൂടി കടന്നുപോയി. സ്റ്റാറ്റസും ഷെയറും കസ്റ്റമൈസ്ഡ് ആശംസകളുമായി സോഷ്യൽ മീഡിയയിൽ നാം അതൊരു ആഘോഷമാക്കി മാറ്റി. മാതൃത്വത്തെയും മാർക്കറ്റ് ചെയ്ത് ലാഭം കൊയ്യുന്ന ന്യൂജെൻ സംസ്കാരത്തിലേക്ക് നാം മാറിക്കഴിഞ്ഞിരിക്കുന്നു. വിദൂരഭാവിയിൽ അമ്മ എന്ന പദവിയും കേവലം ഒരു കരിയർ മാത്രമായോ, കൂലികിട്ടുന്ന അല്ലെങ്കിൽ ചോദിച്ചു വാങ്ങുന്ന ഒരു ജോലിയായോ മാറിയേക്കാം. പെരുകുന്ന വൃദ്ധസദനങ്ങളും പ്രായമായാൽ മക്കളിൽ നിന്നും നേരിടേണ്ടി വരുന്ന ശാരീരിക മാനസികപീഡനങ്ങളും കാണുമ്പോൾ ഒരു മുൻകരുതൽ നല്ലതാണെന്ന് നമ്മുടെ മാതാപിതാക്കളും ചിന്തിക്കുന്നതിൽ തെറ്റുപറയാനാവില്ല. കുടിച്ച മുലപ്പാലിനും കഴിച്ച ഭക്ഷണത്തിനും ധരിച്ച വസ്ത്രത്തിനും തന്ന വിദ്യാഭ്യാസത്തിനും നോട്ടുകെട്ടുകൊണ്ട് വിലയിടുന്ന പുതുതലമുറയെ പണമെറിഞ്ഞ് പണം കൊയ്യുന്ന ബിസിനസ്സായി മക്കളെ വളർത്തിയ അപ്പനും അമ്മയ്ക്കും കുറ്റപ്പെടുത്താനും കഴിയില്ല. സുഖജീവിതത്തിനു അസൗകര്യമായ മകളെ വിഷം കൊടുത്തു കൊല്ലുന്ന, അവളെയും വിൽപ്പനചരക്കാക്കുന്ന അമ്മമാർ നമ്മുടെ സമൂഹം നേരിടുന്ന മൂല്യച്യുതിയിലേക്ക് വിരൽ ചൂണ്ടുന്നു. ലോകത്തേറ്റവും മൂല്യമേറിയ അമ്മ എന്ന ബ്രാൻഡ്നെയിമിലും മായം കലർന്നിരിക്കുന്നു.

കാരിരുമ്പാണികളിൽ തൂങ്ങി പ്രാണൻ പിടയുമ്പോഴും തന്റെ അമ്മയുടെ സംരക്ഷണം മനസ്സിൽ നിറച്ച യേശുനാഥൻ, കാനായിലെ കല്യാണവിരുന്നിൽ തായുടെ വാക്കിനു വിലകൽപ്പിച്ചവൻ, അമ്മമാരോടുള്ള നമ്മുടെ സമീപനം എപ്രകാരമായിരിക്കണമെന്ന് പഠിപ്പിക്കുന്നു. ഭൗതിക മോഹങ്ങളിൽ ഇടറിവീഴാതെ കുരിശോളം കൂടെനിന്ന് തന്റെ പൊന്നോമനയെ ലോകരക്ഷക്കു ദാനമായി നൽകിയ മറിയമാകണം മക്കളെ വളർത്തുന്നതിൽ നമ്മുടെ മാതൃക. വിശന്നിരിക്കുന്നവരെ അപ്പം കൊണ്ടും വിഷമിച്ചിരിക്കുന്നവരെ വചനം കൊണ്ടും ആശ്വസിപ്പിക്കാനും അനീതികളെ ചോദ്യം ചെയ്യാനും യേശുവിനെ പ്രാപ്തനാക്കിയത് അമ്മയുടെ ശിക്ഷണമാണ്. മഗ്ദലനമറിയത്തെ ചേർത്തു നിർത്താനും ലാസറിന്റെ സഹോദരിമാരുടെ സങ്കടത്തിൽ കണ്ണീരൊഴുക്കാനും ഊർശ്ലേം കാരികളെ ആശ്വസിപ്പിക്കാനും അവനു കഴിഞ്ഞത് അമ്മയുടെ മനമറിഞ്ഞതുകൊണ്ടാണ്. നമുക്കും അമ്മയ്ക്കുപിറന്നവരാകാം. കുടുംബത്തിനും സമൂഹത്തിനും പ്രകാശം പകരാം.

നന്ദിയോടെ ഓർക്കാം നമ്മുടെ അമ്മമാരെ..തീയിലും വെള്ളത്തിലും വീഴാതെ..കാക്കയ്ക്കും കഴുകനും നൽകാതെ വളർത്തി വലുതാക്കിയതിന്..വയറുനിറയെ ആഹാരവും കനവുനിറയെ കർത്താവിനെയും തന്നതിന്..നമ്മുടെ സ്വപ്നങ്ങൾക്കു കാവൽ നിന്നതിന്.. കുരിശിനെയും ക്രൂശിതനെയും കാട്ടിത്തന്നതിന്...അമ്മയെ വിളിക്കാം..കവിളിലൊരുമ്മ നല്കാം..സ്നേഹസാന്ത്വനത്തിനു കാതോർക്കാം.

# നിങ്ങളുടെ സംശയവും സഭയുടെ ഉത്തരവും

## 154. നാം മരിക്കുമ്പോൾ നമുക്ക് എന്ത് സംഭവിക്കുന്നു ?

മരണത്തിൽ ശരീരവും ആത്മാവും വേർതിരിയുന്നു. ശരീരം ജീർണ്ണിച്ചുപോകുന്നു. ആത്മാവു ദൈവത്തെ കാണാൻ പോകുന്നു. അവസാനദിവസം, ഉത്ഥാനം ചെയ്ത ശരീരത്തോടു വീണ്ടും ചേരാൻ കാത്തിരിക്കുകയും ചെയ്യുന്നു. (992-1004, 1016-1018)

ഉത്ഥാനം എങ്ങനെ നടക്കുന്നുവെന്നത് ഒരു രഹസ്യമാണ്. എന്നാലും അത് അംഗീകരിക്കാൻ ഒരു ഉപമ നമ്മെ സഹായിക്കും: നാം ഒരു "ട്യൂലിപ് ബൾബ്" നോക്കുമ്പോൾ അത് ഇരുണ്ട ഭൂമിയിൽ എത്ര വിസ്മയനീയവും സുന്ദരവുമായ പുഷ്പമായി വികസിക്കുമെന്ന് നമുക്ക് പറയാനാവുകയില്ല. അതുപോലെ നമ്മുടെ പുതിയ ശരീരത്തിന്റെ ഭാവി രൂപത്തെ ഷറ്റി നമുക്ക് ഒന്നും അറിഞ്ഞുകൂടാ. എന്നാൽ, വിശുദ്ധ പൗലോസിനു തീർച്ചയുണ്ട്: "അത് അപമാനത്തിൽ വിതയ്ക്കപ്പെടുന്നു, മഹത്ത്വത്തിൽ ഉയിർപ്പിക്കപ്പെടുന്നു." (1 കോറി 15:43)

## വിശുദ്ധരുടെ ജീവിതങ്ങൾ.. തുടർച്ച

ത്ഭുത മെഡൽ" എന്ന പേരിൽ ഇന്നും ഇത് ക്രൈസ്തവ ലോകത്ത് പ്രചാരത്തിലിരിക്കുന്നു. 1842-ൽ നടന്ന അൽഫോൺസ് എന്ന യഹൂദന്റെ മാനസാന്തരം സുപ്രസിദ്ധമാണ്

വിനയാന്വിതയായ കാഥറിൻ ദൈവമാതാവു നൽകിയ ദർശനങ്ങളെയും നിർദ്ദേശങ്ങളെയുംപറ്റി ആത്മീയപിതാവിനോടല്ലാതെ ആരോടും പറഞ്ഞിരുന്നില്ല. തൻനിമിത്തം അത്ഭുത മെഡലിന്റെ ആരംഭക കാഥറിനാണെന്ന് അവളുടെ ജീവിതകാലത്ത് ആരും മനസ്സിലാക്കിയില്ല.

ഉന്നതമായ തന്റെ പ്രാർത്ഥനാരീതിയെഷറ്റി കാഥറിൻ തന്നെ പറഞ്ഞിട്ടുള്ളതും ശ്രദ്ധേയമാണ്. "ഞാൻ ദൈവസന്നിധിയിൽ നിന്ന് അവിടുത്തോടു പറയും, കർത്താവേ ഇതാ ഞാൻ അങ്ങുതിരുമനസ്സാകുന്നത് എനിക്കു തരിക. എന്തെങ്കിലും തന്നാൽ സന്തുഷ്ടയായി, ഞാൻ നന്ദി പറയുന്നു. ഒന്നും തന്നില്ലെങ്കിലും ഞാൻ നന്ദി പറയും, കാരണം ഞാൻ ഒന്നിനും അർഹയല്ല. എന്റെ ചിന്തകൾ ഞാൻ അവിടുത്തെ അറിയിക്കും. ഞാൻ അവിടുത്തെ ശ്രവിക്കും"

ദൈവസ്നേഹപൂരിതയായി 1876-ൽ മരണമടഞ്ഞ കാഥറിനെ 1947-ൽ വിശുദ്ധയായി നാമകരണം ചെയ്തു.

## ഹൃദ്യസ്ഥമാക്കാൻ ഒരു വചനം

*"ഇതാ, ഞാൻ നിന്നോടു കൂടെയുണ്ട്.*
*നീ പോകുന്നിടത്തെല്ലാം ഞാൻ നിന്നെ കാത്തുരക്ഷിക്കും."*
***ഉൽപത്തി 28:15***

# ക്രൈസ്തവൻ സഹജീവികൾക്കായി ജീവിക്കണം: ഫ്രാൻസിസ് പാപ്പ





ഫാ. ടോണിനോ ബെല്ലോ

വത്തിക്കാൻ: ക്രൈസ്തവൻ ജീവിക്കേണ്ടത് സഹജീവികൾക്കുവേണ്ടിയാണെന്ന് ഫ്രാൻസിസ് പാപ്പ. സതേൺ ഇറ്റാലിയൻ പട്ടണമായ മോൽഫെട്ടയിൽ ഫാ. ടോണിനോ ബെല്ലോയെ അനുസ്മരിക്കുകയായിരുന്നു അദ്ദേഹം.

"ജീവിക്കാൻ ഭക്ഷണം അഥവാ അപ്പം ആവശ്യമാണ്. നിത്യജീവിതത്തിനായി യേശു വാഗ്ദാനം ചെയ്തതും അതുതന്നെയാണ്. തിരുവോസ്തിയിലൂടെ ക്രിസ്തുവിൽ വളരാനും ക്രിസ്തുവിനായി പ്രവർത്തിക്കാനും സ്നേഹത്തിന്റെ രൂപത്തിൽ ദൈവം നമ്മിലേക്ക് എഴുന്നള്ളുന്നു. ഫാ. ടോണിനോ ബെല്ലോയുടെ അഭിപ്രായത്തിൽ സഹാനുഭൂതി, സ്നേഹം, വിശുദ്ധ കുർബ്ബാനയുടെ സാന്നിധ്യം എന്നിവയില്ലെങ്കിൽ സേവനപ്രവർത്തികൾ എന്ന പേരിൽ നാം ചെയ്യുന്ന എല്ലാം വ്യർത്ഥവും വെറും ആഘോഷവുമാകും"; പാപ്പ പറഞ്ഞു.

"ദിവ്യബലി അർപ്പിച്ചിറങ്ങുന്ന വ്യക്തി ഒരിക്കലും തനിക്കുവേണ്ടി ജീവിക്കരുത്, മറിച്ച് മറ്റുള്ളവർക്കുവേണ്ടി ജീവിക്കണം. ഇപ്രകാരം ജീവിച്ച വ്യക്തിയാണ് ഫാ. ടോണിനോ ബെല്ലോ. അദ്ദേഹം മറ്റുള്ളവർക്ക് ജീവൻ പകരുന്ന ഭക്ഷണമായി മാറി. യേശുവിനുവേണ്ടി വിശക്കുകയും ദുരിതങ്ങളിലും വേദനകളിലും ഒറ്റപ്പെടലുകളിലും യേശുവിന്റെ തിരുമുഖം ധ്യാനിക്കുന്നവരുമാകണം ക്രൈസ്തവരെന്ന് ഫാ.ടോണിനോ ബെല്ലോ ആഗ്രഹിച്ചു. ജീവന്റെയും സമാധാനത്തിന്റെയും സ്രോതസായ ദിവ്യകാരുണ്യം സ്വീകരിക്കുന്ന നാമും അവയുടെ വാഹകരായി മാറണം"; പാപ്പ വ്യക്തമാക്കി.

"വെറുതെയുള്ള പ്രഘോഷണത്തിലൂടെ ദൈവവചനത്തിന് ഫലമുണ്ടാവില്ല. എന്നാൽ, അവ നിത്യജീവിതത്തിൽ പ്രാവർത്തികമാക്കുമ്പോൾ നൂറുമേനി ഫലമുണ്ടാകും. ടോണിനോ ബെല്ലോ ഇങ്ങനെ തന്റെ ജനത്തെ വാക്കുകളിൽ നിന്ന് പ്രവൃത്തിയിലേക്ക് നയിച്ചു. സുരക്ഷിത മേഖലകൾ വിട്ട് അപകടമേഖലകളിലേക്ക് ഇറങ്ങിച്ചെല്ലാനാണ് ദൈവം നമ്മോടും ആവശ്യപ്പെടുന്നത്"; പാപ്പ പറഞ്ഞു.

## പ്രാർത്ഥനാ സഹായം




തൂലിക വെബ് സൈറ്റിലൂടെയും പ്രാർത്ഥനാസഹായം തേടാം നിങ്ങൾ ചെയേണ്ടത് ഇത്ര മാത്രം. www.thoolikaa.net സന്ദർശിക്കുക. ഇതിൽ കാണുന്നതുപോലുള്ള പ്രാർത്ഥനാസഹായ ഫോം പൂരിപ്പിക്കുക. ജീസസ് യൂത്ത് മിനിസ്ട്രികളുടെ പ്രാർത്ഥനകളോടൊപ്പം നിങ്ങളുടെ വിലയേറിയ നിയോഗങ്ങൾ കൂട്ടായ്മയിൽ സമർപ്പിക്കുന്നതാണ്.

## പുതിയതായി കടന്നു വരുന്നവരുടെ ശ്രദ്ധയ്ക്ക്

ജീസസ്സ് യൂത്തിന്റെ പ്രാർത്ഥനാ ഗ്രൂപ്പിലേക്ക് പുതിയതായി കടന്നു വരുന്നവർ, അവരുടെ പേരും മറ്റു വിവരങ്ങളും വെൽക്കം മിനിസ്ട്രി അംഗങ്ങളുടെ പക്കൽ നൽകുക. ജീസസ്സ് യൂത്തിനെക്കുറിച്ചും അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അറിവു നൽകുന്ന ഓറിയന്റേഷൻ ക്ലാസ്സ് ഉടനെ നടക്കുന്നതാണ്. വെൽക്കം മിനിസ്ട്രിയംഗങ്ങൾ നിങ്ങളെ അക്കാര്യം വിളിച്ചറിയിക്കുന്നതാണ്. (താല്പര്യമുള്ള ആർക്കും ഇതിൽ പങ്കെടുക്കാവുന്നതാണ്).

## കഴിവുകളെ കർത്താവിനു വേണ്ടി ഉപയോഗിക്കാം...

നിങ്ങൾക്ക് ദൈവം തന്നിരിക്കുന്ന കഴിവുകളെ സുവിശേഷപ്രഘോഷണത്തിനായ് ഉപയോഗിക്കാമോ ? മലയാളം ടൈപ്പിങ്ങ് അറിയാവുന്നവരും ഗ്രാഫിക് ഡിസൈനേഴ്സും വരിക. ജീസസ് യൂത്ത് മീഡിയാ മിനിസട്രിയോട് ഒന്നുചേർന്ന് നമുക്ക് പ്രവർത്തിക്കാം.. Contact : 056 789 3331, 055 741 2253

## കൃതികൾ ക്ഷണിക്കുന്നു

ക്രൈസ്തവമൂല്യങ്ങൾ ഉൾക്കൊള്ളുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ, നുറുങ്ങു ചിന്തകൾ, കാർട്ടൂണുകൾ എന്നിവ തൂലികയിലേക്ക് info@thoolikaa.net എന്ന ഈ-മെയിലിലൂടെ അയച്ചു തരുമല്ലോ?

## മലയാളം കുമ്പസാരം

തൂലിക വെബ് സൈറ്റിലൂടെയും ഇപ്പോൾ മലയാളത്തിലുള്ള കുമ്പസാരത്തിന്റെ സമയം അറിയാം; സന്ദർശിക്കുക www.thoolikaa.net

**ഇ-മെയിൽ**

ജീസസ്സ് യൂത്ത് ഗ്രൂപ്പിൽ നിന്നുമുള്ള അറിയിപ്പുകളും ജോലി സംബന്ധമായ ഒഴിവുകളെക്കുറിച്ചും അറിയുന്നതിന് നിങ്ങളുടെ ഇമെയിൽ അഡ്രസ്സ് : info@thoolikaa.net എന്നതിലേക്ക് അയക്കുക.

English Mass Timings
**St. Mary's Church, Dubai**

**Friday:** 6:00 am, 7:15 am, 9:00 am, 10:15 am (Children's) 3:30 pm (children's catechism), 4:45 pm, 6:15 pm

**Saturday:** 6:00 am, 6:45 am, 9:00 am,12 noon, 5:00 pm, 7:30 pm (Sunday obligation)

**Sunday:** 6:00 am, 6:45 am, 9:00 am, 12 noon, 4:30 pm, 6:00 pm & 7:30 pm

**Weekdays (Mon-Thu):** 6:00 am, 6:45 am, 12 noon & 7:00 pm

## ദിവ്യബലി സമയം - മലയാളം

സെന്റ് മേരീസ് ദേവാലയം - ദുബായ്

എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്കു ശേഷം 2 മണിക്ക്

ഒന്നും മൂന്നും വ്യാഴാഴ്ചകളിൽ വൈകുന്നേരം 8 മണിക്ക്

നാലാമത്തെ ബുധനാഴ്ച വൈകുന്നേരം 8 മണിക്ക്

മലങ്കര റീത്തിൽ: എല്ലാ വെള്ളിയാഴ്ചയും രാത്രി 7:30 ന് ( മിനി ഹാൾ)

## കരിസ്മാറ്റിക് പ്രാർത്ഥനാ സമയം

- **ഉപവാസ പ്രാർത്ഥന** - ആദ്യ വെള്ളിയാഴ്ച (രാവിലെ 10:30 മുതൽ 1:30 വരെ), ക്രിസ്റ്റീൻ (രാവിലെ 10:30 മുതൽ 1:30 വരെ)
- **എല്ലാ തിങ്കളാഴ്ചയും** - വൈകുന്നേരം 7:30 മുതൽ 9:00 വരെ
- **മദ്ധ്യസ്ഥപ്രാർത്ഥന** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) രാവിലെ 8:30 മുതൽ 11:00 വരെ (റൂം നമ്പർ 4-ൽ)

## കോർഡിനേറ്റേഴ്സ്

**ഫാമിലി - സെബാസ്റ്റ്യൻ ജോൺ - 050 3986934**

**ഫോർമേഷൻ -റോജി 055 6519401**

## ജീസസ് യൂത്ത് - ദുബായ്

- **എല്ലാ വെള്ളിയാഴ്ചയും** (ആദ്യ വെള്ളി ഒഴികെ) - രണ്ടുമണിയുടെ ദിവ്യബലിക്കു ശേഷം (റൂം നമ്പർ 6-ൽ).
- **മദ്ധ്യസ്ഥപ്രാർത്ഥന:**
എല്ലാ ചൊവ്വാഴ്ചയും വൈകുന്നേരം 8:30 മുതൽ 9:30 വരെ (റൂം നമ്പർ 4-ൽ).
- **നൈറ്റ് വിജിൽ** - മാസത്തിന്റെ ആദ്യ വ്യാഴാഴ്ചകളിൽ.
- **JY ഫാമിലി** - മാസത്തിന്റെ മൂന്നാമത്തെ വെള്ളിയാഴ്ചകളിൽ വൈകുന്നേരം 5:00 മുതൽ ജെ. വൈ. ഹോമിൽ വെച്ച്.
- **JY ടീൻസ്** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) ഉച്ചക്ക് 12 മുതൽ 2 വരെ റൂം നമ്പർ 4 ൽ വെച്ച്.
- JY English: 7:00 മുതൽ 9:00 (Saturdays)



What is the Role of the

# Holy Spirit



***5 Key roles of the Holy Spirit to help us understand His function in the life of the Christian and the church.***

1 **HE GUIDE US INTO ALL TRUTH.**
*John 16:13*

2 **HE ASSURES US THAT WE ARE GOD'S CHILDREN.**
*Romans 8:16*

3 **HE GIVES US HOPE.**
*Romans 15:13*

4 **HE STRENGTHENS US.**
*Ephesians 3:16*

5 **HE EQUIPS US TO SERVE OTHERS.**
*Ephesians 4:11-12*



FOR PRIVATE CIRCULATION (WITH IN CHURCH COMPOUND) ONLY

Jesus Youth
DUBAI

**Thoolikaa** - Weekly Newsletter of Jesus Youth, Dubai
**Published By** : Joby Joseph for Literature & Media Ministry of Jesus Youth, Dubai.
**Patron** : Rev.Fr.Alex Vachaparambil OFM Cap. **Animator** : Sebastian Dcruz
**Editor** : Jobin Augustine **Cover** : Rinto Varghese
**E-mail** : info@thoolikaa.net **Web** : http://thoolikaa.net